# റബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം
# ലിമിറ്റഡ് നമ്പർ കെ. 155, കളക്ട്രേറ്റ് പി. ഒ., കോട്ടയം –2

**RBECS : 186 / 2019-20** **സർക്കുലർ** **15-10-2019**

മാന്യ സഹകാരികളെ,

നമ്മുടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ നാളിതുവരെ വളരെ ഭംഗിയായി നടന്നുവരുന്നു എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി താഴെപ്പറയുന്ന കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു.

**1. സംഘം ഭരണസമിതി**

10-08-2019 ൽ സംഘം ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടന്ന വിവരം എല്ലാവരും അറിഞ്ഞിട്ടുണ്ടാകുമല്ലോ. താഴെപറയുന്ന അംഗങ്ങളാണ് നമ്മുടെ പുതിയ ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 14-08-2019 ൽ പുതിയ ഭരണസമിതി ചാർജ്ജെടുത്തു. ശ്രീ. സാം ജോൺസൺ പ്രസിഡന്റായും, ശ്രീമതി ഉഷാ ജി മേനോൻ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ട വിവരവും അറിയിക്കട്ടെ.

Sri. Sam Johnson (President), Assistant, RR II
Smt. Usha G. Menon (Vice President), Assistant, Rubber Board H. O.
Sri. A. J. Jose, ADO, Rubber Board H. O.
Sri. S. Veeraputhran, Scientist, RRII
Smt. K. K. Leena, Jr. Scientific Officer, RRII
Smt. Latha G. Panicker, Jr. Assistant GR-I, Rubber Board H.O.
Sri. K. N. Sreekumar,. Attender, Rubber Board H. O.
Sri. C. Pradeep, Jr. Assistant, GR-I, Rubber Board H.O.
Sri. V. K. Selvam, Jr. Assistant, Rubber Board H. O.

**2. GDC സ്കീം**

രണ്ടുലക്ഷം രൂപ സലയുള്ളതും,1 ലക്ഷം രൂപ സലയുള്ളതും 25 മാസ കാലാവധിയുള്ളതുമായ ജി. ഡി. സി. എസ്. തുടങ്ങുന്നതിന് സഹകരണ ഡിപ്പാർട്ടുമെന്റിന്റെ അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ടി സ്കീമിൽ ചേരുന്നതിന് താല്പര്യമുള്ള അംഗങ്ങൾ യഥാക്രമം 6800, 3400 രൂപ വീതം സംഘത്തിലോ ബാങ്ക് അക്കൗണ്ടിലോ അടച്ച് അംഗമാകണമെന്ന് അപേക്ഷിക്കുന്നു.

ബാങ്ക് അക്കൗണ്ട് നമ്പർ

1. SBI, കോട്ടയം സിവിൽ സ്റ്റേഷൻ ബ്രാഞ്ച് A/c No. : 67005990629, IFSC : SBIN0070101
2. CBI, റബർ ബോർഡ് കീഴുകുന്ന് ബ്രാഞ്ച് A/c No. :1559500012, IFSC : CBIN0284150
3. CBI, റബർ ബോർഡ് കീഴുകുന്ന് ബ്രാഞ്ച് A/c No. :1450317202, IFSC : CBIN0281450

**3. ഗിഫ്റ്റ്**

സംഘത്തിൽ നിന്നും ഈ വർഷം അംഗങ്ങൾക്ക് നൽകിയ ഗിഫ്റ്റ് - Kitex Bedsheet ഇനിയും കൈപ്പറ്റിയിട്ടില്ലാത്ത അംഗങ്ങൾ അത് 2019 ഡിസംബർ 31 ന് മുമ്പായി കൈപ്പറ്റേണ്ടതാണ്.

**4. വായ്പാപേക്ഷകൾ**

വായ്പയ്ക്ക് അപേക്ഷിക്കുന്ന അംഗങ്ങൾ പ്രിന്റഡ് ഫോം തന്നെ ഉപയോഗിക്കണമെന്ന സഹകരണ ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശമുള്ളതിനാൽ ഡൗൺലോഡ് ചെയ്ത ഫോമുകളും, ഫോട്ടോ കോപ്പികളും ഉപയോഗിക്കരുതെന്ന് അറിയിക്കുന്നു. അപേക്ഷാഫാറങ്ങൾ ആവശ്യമുള്ളവർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**5. സ്പെഷ്യൽ ലോൺ/ ഫ്ളഡ് ലോൺ**

2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന അംഗങ്ങൾക്ക് മുൻവർഷം നൽകിയതുപോലെ ഒരു ലക്ഷം രൂപയുടെ ഒരു വായ്പ അനുവദിക്കുന്നുണ്ടെന്ന വിവരം അംഗങ്ങൾ അറിഞ്ഞുകാണുമല്ലോ. 36 തവണകളായി തിരിച്ചടയ്ക്കേണ്ട വായ്പയാണിത്. പലിശ 10%, മറ്റെല്ലാ നിബന്ധനകളും എമർജൻസി വായ്പയ്ക്ക് തുല്യമാണ്. 2019 ഒക്ടോബർ 31 വരെ ഈ വായ്പ അനുവദിക്കുന്നതാണ്.

**6. വിദ്യാഭ്യാസ സഹായ പദ്ധതി**

ഗ്രൂപ്പ് സി വിഭാഗത്തിൽപ്പെടുന്ന Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യം (2018-19 വർഷത്തേത്) ലഭിക്കുന്നതിന് രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**അർഹത**

(i) ബിരുദാനന്തര വിദ്യാർത്ഥികൾക്കുവരെ മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

(ii) 1-6-2019 ൽ Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് (അപേക്ഷയോടൊപ്പം സാലറി സ്ലിപ്പ് കൂടി വയ്ക്കണം)

(iii) വിദ്യാർത്ഥികൾ വർഷാവസാന പരീക്ഷയിൽ എല്ലാവിഷയത്തിനും ജയിച്ചവരായിരിക്കണം.

(iv) ഒരംഗത്തിന്റെ ഒരു കുട്ടിക്കുമാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**7. മെറിറ്റ് അവാർഡ്**

2018-19 അദ്ധ്യയന വർഷത്തിൽ താഴെപ്പറയുന്ന കോഴ്സുകൾക്ക് ഉന്നതവിജയം നേടി വിജയിച്ച കുട്ടികളുടെ രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

(i) SSLC, CBSE, ICSE പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക്

(ii) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹയർ സെക്കണ്ടറി, ആർട്സ്, സയൻസ്, കൊമേഴ്സ് പ്രത്യേകം - ഓരോ വിദ്യാർത്ഥിക്ക്

(iii) ബി. എ., ബി.എസ്.സി., ബീ-കോം തുടങ്ങിയ ബിരുദകോഴ്സുകളിൽ ഓരോ വിദ്യാർത്ഥിക്ക്

(iv) എം. എ., എം. എസ്. സി., എം. കോം തുടങ്ങി എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഓരോ വിദ്യാർത്ഥിക്ക്

(v) മെഡിസിൻ (എല്ലാ വിഭാഗങ്ങളും) എൻജിനീയറിംഗ് എന്നീ പ്രൊഫഷണൽ കോഴ്സിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക്

## 8. എൻഡോവ്മെന്റ് ഫണ്ട് അവാർഡ്

താഴെപ്പറയുന്ന എൻഡോവ്മെന്റ് ഫണ്ട് അവാർഡുകൾക്ക് അർഹരായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

(i) **ആർ. വി. പണിക്കർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**

എസ്. എസ്. എൽ. സി. യ്ക്ക് ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിക്ക്

(ii) **മാത്യു എം. ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ്**

(iii) **പ്രസന്ന കൃഷ്ണൻ നായർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**

മുൻ ഗ്രൂപ്പ് ഡി. വിഭാഗം ജീവനക്കാരുടെ (Attender, Record Keeper ഉൾപ്പെടെ) കുട്ടികളിൽ SSLC യ്ക്ക് ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.

ഗ്രൂപ്പ് ഡി. വിഭാഗത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെവന്നാൽ മേൽ (2) (3) ഗ്രൂപ്പ് സി അംഗങ്ങളുടെ കുട്ടികൾക്ക് നൽകുന്നതാണ്.

(iv) **സൈമൺ ഫ്രാൻസിസ് മെമ്മോറിയൽ അവാർഡ്**

B.A. ഇംഗ്ലീഷ് ലിറ്ററേച്ചർ കോഴ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടിക്ക്. ഡിഗ്രി വിഭാഗത്തിൽ നിന്നുള്ള അപേക്ഷകരുടെ അഭാവത്തിൽ M.A. ഇഗ്ലീഷ് ലിറ്ററേച്ചറിന് ഈ അവാർഡ് നൽകുന്നതാണ്.

(v) (a) **ഗോൾഡൻ ജൂബിലി മെമ്മോറിയൽ മെറിറ്റ് അവാർഡ്**

(b) RBECS Endowment

കനകജൂബിലി സ്മാരകമായി സൊസൈറ്റി ഏർപ്പെടുത്തിയ ഈ അവാർഡ് State, CBSE, ICSE, 12-ാം ക്ലാസ് ഉന്നതവിജയം നേടുന്ന കുട്ടികൾക്ക് നൽകുന്നതാണ്.

(vi) **കെ. കെ. മോഹനൻ മെമ്മോറിയൽ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**

പാരാമെഡിക്കൽ ഡിഗ്രി കോഴ്സിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിക്ക്

(vii) **പി. എൻ. ഗണപതി അയ്യർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**

Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് മാത്രം

(i) +2 സയൻസ് ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു കുട്ടിക്ക് ഈ അവാർഡ് നൽകുന്നതാണ്.

(ii) 12-ാം ക്ലാസുവരെയുള്ള കുട്ടികളിൽ സ്റ്റേറ്റ്, ജില്ല, ഉപജില്ല ഈ മുറയ്ക്ക് കർണാടക സംഗീതം (വോക്കൽ) ഇല്ലെങ്കിൽ ഉപകരണസംഗീതം ഇവയിലേതിലെങ്കിലും ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക്

(viii) **ഡോക്ടർ എൻ. ഉഷാ നായർ മെമ്മോറിയൽ എൻഡോവ്മെന്റ്**

+2 പരീക്ഷയിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിക്ക്

## 9. കലാ-കായിക മത്സരങ്ങൾ

1) എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ സംഘടിപ്പിച്ച സംസ്ഥാന/ അന്തർസംസ്ഥാനതല മത്സരങ്ങളിലും യൂണിവേഴ്സിറ്റിതല മത്സരങ്ങളിലും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്കും നാഷണൽ മത്സരങ്ങളിൽ പങ്കെടുത്തവർക്കും.

2) എൽ. പി., യു. പി. അല്ലെങ്കിൽ ജൂനിയർ വിഭാഗത്തിൽ റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്ക്

3) കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ ക്ലസ്റ്റർ/ റീജിയണൽ തലങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്കും ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുത്തവർക്കും.

അപേക്ഷകൾ നിശ്ചിത ഫോറത്തിൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം **2019 നവംബർ 5-ാം തീയതിക്കു മുമ്പായി** സംഘം ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷാഫാറങ്ങൾ സംഘത്തിൽ നിന്നു വാങ്ങുകയോ www.rubberboardecs.org എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യു കയോ ചെയ്യാവുന്നതാണ്. നിബന്ധനകൾ പാലിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## 10. പലിശനിരക്ക്

നമ്മുടെ സംഘത്തിൽ നിന്നും വിതരണം ചെയ്യുന്ന Own Fund Loan ന്റെ പലിശ നിരക്കിൽ 2020 ജനുവരി മാസം മുതൽ 0.25% കുറവുവരുത്തുന്നതിന് 11-10-2019 ൽ കൂടിയ ഭരണസമിതിയോഗം തീരുമാനിച്ചിട്ടുള്ള വിവരവും അറിയിക്കട്ടെ.

## 11. വാർഷിക പൊതുയോഗം

2019 ഡിസംബർ 31 ന് മുമ്പായി അടുത്ത വാർഷിക പൊതുയോഗം നടത്തിയിരിക്കണമെന്നുള്ള ബഹുമാനപ്പെട്ട സഹ കരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം ഡിസംബർ മാസത്തിൽ തന്നെ പൊതുയോഗം നടത്തുന്നതാണ്.

സംഘത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാ അംഗങ്ങളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

ഭരണസമിതിക്കുവേണ്ടി,

സെക്രട്ടറി